# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ. 5/2026** **തിരുവനന്തപുരം, തീയതി. 07.01.2026**

# പത്രക്കുറിപ്പ്

## പുനഃക്രമീകരിച്ച പരീക്ഷാകേന്ദ്രം

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. കരിയർ റിലേറ്റഡ് ജനുവരി 2026 പരീക്ഷയ്ക്ക് കടയ്ക്കൽ പി.എം.എസ്.എ. പൂക്കോയ തങ്ങൾ മെമ്മോറിയൽ ആർട്സ് ആന്റ് സയൻസ് കോളേജ് പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ നിലമേൽ എൻ.എസ്.എസ്. കോളേജിലും, UIT മുതുകുളം പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ UIT കരുവാറ്റയിലും, UIT കാഞ്ഞിരംകുളം പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ UIT നെയ്യാറ്റിൻകരയിലും, UIT മണ്ണടി പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ അടൂർ ഏനാത്ത് മാറ്റർ ഡെയ് സി.എം.ഐ. കോളേജിലും, UIT മുഖത്തല പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ കൊട്ടിയം ഡോൺ ബോസ്കോ കോളേജിലും, മടത്തറ ട്രാവൻകൂർ ആർട്സ് ആന്റ് സയൻസ് കോളേജ് പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ പുനലൂർ ഗ്രേസ് ഇന്റർനാഷണൽ അക്കാദമിയിലും, UIT പള്ളിക്കൽ, തിരുവനന്തപുരം തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ ചാവർകോട് സി.എച്ച്.എം.എച്ച്. കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിലും പരീക്ഷ എഴുതേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2025 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബിഎസ്‌സി (റെഗുലർ - 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2021 & 2022 അഡ്മിഷൻ, മേഴ്സിചാൻസ് - 2019 അഡ്മിഷൻ) പരീക്ഷയുടെ സൈക്കോളജി, മാത്തമാറ്റിക്സ് പ്രാക്ടിക്കൽ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ ബിഎ, ബിഎസ്‌സി, ബികോം, ബിപിഎ, ബിബിഎ, ബിസിഎ, ബിഎംഎസ്, ബിഎസ്ഡബ്ല്യൂ (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2021 & 2022 അഡ്മിഷൻ, മേഴ്സിചാൻസ് – 2013, 2017, 2018, 2020 അഡ്മിഷൻ) & ബിവോക് (റെഗുലർ - 2024 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2021 & 2022 അഡ്മിഷൻ), ജനുവരി 2026 പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## കോളേജ് മാറ്റത്തിന് അപേക്ഷിക്കാം

കേരളസർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ ഒന്നാം സെമസ്റ്റർ ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്ക് 2025-2026 അദ്ധ്യയന വർഷത്തിൽ രണ്ടാം സെമസ്റ്ററിലേക്ക് കോളേജ് മാറ്റത്തിനായി അപേക്ഷിക്കാവുന്നതാണ്. വിദ്യാർത്ഥികൾ ഒന്നാം

സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിരിക്കണം. ഗവൺമെന്റ്/എയ്ഡഡ് കോളേജുകൾ തമ്മിലും, സ്വാശ്രയ കോളേജുകൾ തമ്മിലും കോളേജ് മാറ്റം അനുവദിക്കുന്നതാണ്.

പൂരിപ്പിച്ച അപേക്ഷയോടൊപ്പം ബിരുദ പരീക്ഷകളുടെ മാർക്ക് ലിസ്റ്റ് സഹിതം പഠിക്കുന്ന കോളേജിലെയും ചേരാൻ ഉദ്ദേശിക്കുന്ന കോളേജിലെയും പ്രിൻസിപ്പൾമാരുടെ ശുപാർശയോടെ 1050/- രൂപ ഫീസ് അടച്ച് സർവകലാശാലയിൽ 2026 ജനുവരി 28 ന് മുൻപായി സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ 1575/- രൂപ കൂടി അടക്കേണ്ടതാണ്.

അപേക്ഷ സർവകലാശാല രജിസ്ട്രാർ തപാലിൽ ലഭിക്കേണ്ട അവസാന തീയതി 2026 ജനുവരി 28. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്.

**അവസാന തീയതിക്കു ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.**

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

***University information is available on* 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**